"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - ജയിലുകൾ - ശ്രീ.സജീർ എസ്, അസിസ്റ്റൻറ് പ്രിസൺ ഓഫീസർ, സബ് ജയിൽ മട്ടാഞ്ചേരി - പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (ബി) വകുപ്പ്

സ.ഉ.(സാധാ) നം.3356/2024/HOME തീയതി,തിരുവനന്തപുരം, 14-11-2024

---

പരാമർശം:-

1. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 05/09/2024-ലെ ഇ5-25562/2024/പി.ആർ.എച്ച്.ക്യൂ നമ്പർ നടപടിക്രമം.
2. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 05.09.2024-ലെ ഇ5-25562/2024/പി.ആർ.എച്ച്.ക്യൂ നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.സജീർ എസ്, കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ 16/11/2020 - ലെ നിയമന ശുപാർശയുടെയും ജയിലാസ്ഥാന കാര്യാലയത്തിലെ 27/11/2020 -ലെ ഇ5 - 13932/2020/പി.ആർ.എച്ച്.ക്യൂ നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 30/11/2020 തീയതിയിൽ ജയിൽ വകുപ്പിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. സർവ്വീസിൽ പ്രവേശിച്ച് തുടർച്ചയായ 3 വർഷത്തിനുള്ളിൽ രണ്ടു വർഷമാണ് അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ കാലയളവ് . ടി കാലയളവിനുള്ളിൽ പ്രൊബേഷനെ ബാധിക്കുന്ന തരത്തിലുള്ള അവധികൾ ഒന്നും ടിയാൻ എടുത്തിട്ടില്ല.

2) ശ്രീ.സജീർ എസ് പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ വകുപ്പ് തല പരീക്ഷകൾ 2024 ജനുവരി മാസത്തിൽ നടത്തിയ പരീക്ഷയിലൂടെ പാസ് ആയിട്ടുണ്ടെന്നും അവസാനമായി പരീക്ഷയിൽ പങ്കെടുത്ത തീയതി 14/05/2024 ഉം ടി നോട്ടിഫിക്കേഷനിൽ നടന്ന അവസാന പരീക്ഷയുടെ തീയതി 24/05/2024 ഉം ആണെന്നും ടിയാന്റെ പ്രൊബേഷൻ കാലയളവ് 30/11/2022 മുതൽ 29/11/2023 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ടെന്നും പരാമർശം(2) പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് അറിയിക്കുകയും , അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ ടിയാന്റെ പ്രൊബേഷൻ 25/05/2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനു വേണ്ടി പ്രൊബേഷൻ കാലയളവ് 30/11/2023 മുതൽ 26/05/2024 ദീർഘിപ്പിച്ച് നൽകണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ പരാമർശം (2) കത്തിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ശ്രീ.സജീർ എസ് - ന്റെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ 25/05/2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ നിയമനാധികാരിക്കു സാധിക്കുമാറ്, ടിയാന്റെ പ്രൊബേഷൻ കാലയളവ് 30/11/2023 മുതൽ 26/05/2024 വരെ, കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം, ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ARUN R B
അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള , തിരുവനന്തപുരം
ശ്രീ.സജീർ.എസ്, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ(ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് മുഖേന)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Jijimon R
Date: 14-11-2024 15:44:56